**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3913** **17-03-2025 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃതസഞ്ജീവനി എന്ന മരണാനന്തര അവയവകൈമാറ്റ പദ്ധതി ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ ആകെ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം സർക്കാർ, പൊതുമേഖലാ, സ്വകാര്യ ആശുപത്രികൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | 2012 ആഗസ്റ്റ് മാസത്തിലാണ് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ നടന്ന അവയവമാറ്റ ശസ്ത്രക്രിയകളിൽ 813 എണ്ണം സ്വകാര്യ ആശുപത്രികളിലും 263 എണ്ണം സർക്കാർ ആശുപത്രികളിലുമാണ് നടത്തിയിട്ടുള്ളത്. |
| (ബി) | മൃതസഞ്ജീവനി പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് സ്വീകർത്താവിനെ കണ്ടെത്തുന്നതിനും മറ്റും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | മൃതസഞ്ജീവനി പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയ ചെയ്യുന്നതിനായി രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യാൻ താല്പര്യമുള്ള ആശുപത്രി മുഖേന കെ-സോട്ടോ യിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. മസ്തിഷ്ക മരണാനന്തര അവയവദാനം വഴി ലഭിക്കുന്ന അവയവങ്ങളുടെ വിന്യാസം 04.12.20212 ലെ സ.ഉ (എം.എസ്) നം. 37/2012/ആ.കു.വ ഉത്തരവ് പ്രകാരമാണ് നടക്കുന്നത്. മരണാനന്തര അവയവദാനം വഴി ഒരു അവയവം ലഭിക്കുമ്പോൾ, നിലവിലുള്ള മുൻഗണനാ പട്ടികയിൽ നിന്നും ഏറ്റവും ഉചിതമായി ചേർച്ചയുള്ള രോഗിയ്ക്ക് അവയവം നൽകുന്നതാണ്. വൃക്കയ്ക്കായി രജിസ്റ്റർ ചെയ്യുന്ന രോഗികൾക്കു റെജിസ്ട്രേഷൻ മുൻഗണനാക്രമം അനുസരിച്ചും കരൾ, ഹൃദയം എന്നീ അവയവങ്ങൾക്കായി രജിസ്റ്റർ ചെയ്ത രോഗികളുടെ ലിസ്റ്റിൽ നിന്നും കൂടുതൽ ഗുരുതരാവസ്ഥയുള്ള രോഗിയ്ക്കുമായിരിക്കും അവയവം ലഭിക്കുക. |
| (സി) | ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രിയും ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ മേഖലയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും സ്വകാര്യ മേഖലയിൽ കൊച്ചി അമൃത ആശുപത്രിയിലുമാണ് ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ഡി) | നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി ജില്ലാതല ഓതറൈസേഷൻ കമ്മറ്റികളെ ശാക്തീകരിക്കുന്നതിനായി അവർക്ക് ട്രെയിനിങ് നൽകുകയുണ്ടായി. ജില്ലാതല ഓതറൈസേഷൻ കമ്മറ്റികളുടെ സുഗമമായ പ്രവർത്തനത്തിനായി കെ-സോട്ടോ ഒരു എസ്.ഒ.പി. (മാതൃക പ്രവർത്തന മാർഗരേഖ) തയാറാക്കി വരുന്നു. അവയമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ജില്ലാതല ഓതറൈസേഷൻ കമ്മറ്റികളുടെ തീരുമാനത്തിന്മേൽ ഉണ്ടാകുന്ന അപ്പീലുകൾ പരിശോധിക്കുന്നതിനും അതിൽ തീരുമാനമെടുക്കുന്നതിനുമായി വിവിധ തലത്തിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി 25.09.2024 ലെ സ.ഉ (എം.എസ്) നം. 242/2024/ആ.കു.വ പ്രകാരം ഒരു സംസ്ഥാന തല ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അവയവം മാറ്റിവെയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 25.08.2024 -ലെ സ.ഉ (പി) നം. 78/2024/ആ.കു.വ പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനം പൂർണമായും കെ സോട്ടോയുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. അവയവദാനത്തെക്കുറിച്ച് പൊതുസമൂഹത്തിൽ ബോധവത്കരണം നടത്തുന്നതിന് സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ അതിനുള്ള സൗകര്യം ഉണ്ടെന്നും അതുവഴി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടക്കുന്നതു തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലാണ്. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ മെച്ചപ്പെടുത്തുന്നതിനായി ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. പുതുതായി ഓപ്പറേഷൻ തീയേറ്റർ ലൈറ്റ് സ്ഥാപിച്ചു എയർ കണ്ടീഷനിങ് സംവിധാനം അറ്റകുറ്റപ്പണികൾ ചെയ്തു. ട്രാൻസ്പ്ലാന്റിലേക്കായി Defibrillator, Patient warmer system, ECG Machine, ABG machine, Ice Crusher എന്നീ ഉപകരണങ്ങൾ പുതുതായി വാങ്ങിയിട്ടുണ്ട്. അണുബാധ നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മാസത്തിൽ നാലോളം ട്രാൻസ്പ്ലാന്റുകൾ ചെയ്യാൻ സാധിക്കുന്നുണ്ട്. 2022-ൽ അനസ്തേഷ്യ വിഭാഗത്തിലെയും ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെയും കൂടുതൽ ഡോക്ടർമാർക്കും നഴ്സ്മാർക്കും പരിശീലനം നൽകിയതിന്റെ ഫലമായി അതിനു ശേഷം നടന്ന കരൾ മാറ്റിവയ്ക്കൽ |

| | | | |
|---|---|---|---|
| | | | ശസ്ത്രക്രിയകൾ സുഗമമായി നടത്തുവാൻ സാധിച്ചു. Transfusion Medicine വിഭാഗത്തിലെ ROTEM എന്ന ഉപകരണം ഉപയോഗിച്ചതു മൂലം രക്തം കട്ടപിടിക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കാൻ സാധിച്ചു. ഇതിന്റെ നിരീക്ഷണം കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷമുള്ള പരിചരണത്തിൽ വളരെ പ്രധാനമാണ്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി ത്വക്ക് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനും ത്വക്ക് ബാങ്കിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ നടന്നു വരുന്നുണ്ട്. ഈ ശസ്ത്രക്രിയകൾക്കായി എല്ലാ വിഭാഗങ്ങൾക്കും മോഡുലാർ ഓപ്പറേഷൻ തീയറ്റർ സൗകര്യങ്ങളും ഐ.സി.യു സൗകര്യങ്ങളും ലഭ്യമാണ്. എല്ലാ ഒന്നിടവിട്ട ആഴ്ചകളിലും വൃക്ക മാറ്റ ശസ്ത്രക്രിയകളും രോഗികൾ തയ്യാറാകുന്നതിനനുസരിച്ച് കരൾ മാറ്റ ശസ്ത്രക്രിയകളും മരണാന്തര അവയവദാനത്തിലൂടെ ലഭിക്കുന്ന അവയവങ്ങളുടെ അലർട്ട് ലഭിക്കുന്നതിനനുസരിച്ചുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്.<br><br>എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക, ഹൃദയം എന്നീ അവയവങ്ങൾ മാറ്റി വെക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ മരണാനന്തര അവയവദാനം വഴിയുള്ളതും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. പുതുതായി രക്തഗ്രൂപ്പ് മാറ്റിയുള്ള വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ